**പതിമൂന്നാം കേരള നിയമസഭ**

**ആറാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത**

**നിയമസഭാ ചോദ്യം നമ്പർ : 349** **10.12.2012-ൽ മറുപടിക്ക്.**

**അങ്കമാലി ഫയർ ആന്റ് റെസ്ക്യൂ സ്റ്റേഷനിലെ ബുദ്ധിമുട്ടുകൾ**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ജോസ് തെറ്റയിൽ | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ (ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി) |
| (എ) അങ്കമാലി ഫയർ ആന്റ് റെസ്ക്യൂ സ്റ്റേഷനിൽ ജീവനക്കാരുടെ കുറവ് മൂലം നേരിടുന്ന ബുദ്ധിമുട്ടുകൾ കണക്കിലെടുത്ത് പ്രസ്തുത ഒഴിവുകൾ നികത്തുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ; | : (എ) വിയ്യൂർ ഫയർ സർവ്വീസ് അക്കാദമിയിലും തൃശ്ശൂർ പോലീസ് അക്കാദമിയിലുമായി ട്രെയിനിംഗ് നൽകി വരുന്ന ഫയർമാൻ ട്രെയിനികളുടെ ട്രെയിനിംഗ് പൂർത്തിയാകുന്ന മുറയ്ക്ക്, അങ്കമാലി നിലയത്തിൽ കൂടുതൽ ഫയർമാൻമാരെ ലഭിക്കുന്നതാണ്. പബ്ലിക് സർവ്വീസ് കമ്മീഷനിൽ നിന്നും അഡ്വൈസ് ലഭിച്ചിട്ടുള്ള ഫയർമാൻ ഡ്രൈവർ കം പമ്പ് ഓപ്പറേറ്റർ ട്രെയിനികളുടെ ട്രെയിനിംഗ് പൂർത്തിയാകുന്ന മുറയ്ക്ക് കൂടുതൽ ഫയർമാൻ ഡ്രൈവർ കം പമ്പ് ഓപ്പറേറ്റർമാരെയും ലഭിക്കുന്നതാണ്. |
| (ബി) ഇവിടെയുള്ള പഴക്കം ചെന്ന വാഹനങ്ങളും ഉപകരണങ്ങളും മാറ്റാത്തതുമൂലം നേരിടുന്ന ബുദ്ധിമുട്ടുകൾ കണക്കിലെടുത്ത് പുതിയത് അനുവദിക്കുന്നതിലെ കാലതാമസം ഒഴിവാക്കാമോ ; | : (ബി) പുതിയ വാഹനങ്ങളും ഉപകരണങ്ങളും വാങ്ങുന്ന മുറയ്ക്ക് ഇക്കാര്യം പരിഗണിക്കാവുന്നതാണ്. |
| (സി) ഫയർ എഞ്ചിനുകളിൽ വെള്ളം നിറയ്ക്കുന്നതിനാവശ്യമായ ഹൈഡ്രന്റുകൾ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ ; എങ്കിൽ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്ന നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ ? | : (സി) ഹൈഡ്രന്റുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇതിനായി ബന്ധപ്പെട്ട സ്റ്റേഷൻ ഓഫീസർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ